# കേരള സർവകലാശാല

നം. പി.ആർ.081/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ടെക് പരീക്ഷ: പുതുക്കിയ തീയതി

കേരള സർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ എം.ടെക് (ഫുൾ ടൈം – 2013 സ്കീം) സപ്ലിമെന്ററി, അഞ്ചാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം – 2013 സ്കീം) റഗുലർ & സപ്ലിമെന്ററി, അഞ്ചാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം – 2008 സ്കീം) സപ്ലിമെന്ററി പരീക്ഷ എഴുതുന്നവർ ഏപ്രിൽ 19 വരെ ഫീസടച്ച് സർവകലാശാല വെബ്സൈറ്റ് (www.exams.keralauniversity.ac.in) വഴി അപേക്ഷിക്കേണ്ടതാണ്.

### എൽ.എൽ.എം പരീക്ഷ

ഹർത്താലിനോടനുബന്ധിച്ച് ഏപ്രിൽ ആറിന് മാറ്റിവച്ച മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾ ഏപ്രിൽ 21-ന് നടക്കും.

### എം.കോം അസൈൻമെന്റുകൾ

കേരള സർവകലാശാല വിദൂര പഠന വിഭാഗം ഒന്നും രണ്ടും വർഷ എം.കോം (സപ്ലിമെന്ററി) പരീക്ഷ അസൈൻമെന്റുകൾ ജൂൺ 30-ന് മുമ്പ് സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ ഹാൾ ടിക്കറ്റ്

കേരള സർവകലാശാല ഏപ്രിൽ 19-ന് തുടങ്ങുന്ന ബി.എ (ആന്വൽ സ്കീം) ഒന്നും രണ്ടും വർഷ പരീക്ഷകളുടെ ഹാൾ ടിക്കറ്റ് ഏപ്രിൽ 13 മുതൽ വെബ്സൈറ്റിൽ (www.de.keralauniversity.ac.in) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷ

കേരള സർവകലാശാല ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ആന്വൽ സ്കീം-ത്രിവത്സരം) മൂന്നാം വർഷം (റെഗുലർ & സപ്ലിമെന്ററി) രണ്ടാം വർഷം (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) ഒന്നാം വർഷം (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 22 (50 രൂപ പിഴയോടെ ഏപ്രിൽ 25, 125 രൂപ പിഴയോടെ ഏപ്രിൽ 27) വരെ ഫീസടച്ച് അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് ടൈംടേബിൾ

കേരള സർവകലാശാല ഏപ്രിലിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക്ക് സൂക്ഷ്മ പരിശോധന

കേരള സർവകലാശാല 2016 ജൂണിൽ നടത്തിയ ബി.ടെക്ക് നാലാം സെമസ്റ്റർ (2008 സ്കീം) പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി ഓൺലൈ

നായി അപേക്ഷിച്ച വിദ്യാർത്ഥികൾ സൂക്ഷ്മ പരിശോധനയ്ക്കായി ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി ബി.ടെക്ക് റീവാല്യുവേഷൻ സെക്ഷനിൽ ഏപ്രിൽ 17 മുതൽ ഏപ്രിൽ 24 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകണം.

തിരുവനന്തപുരം.
12.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098